# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 329
## 03.03.2020 – ലെ മറുപടിക്ക്

## നികുതി വർദ്ധനവില്ലൂടെയല്ലാതെയുള്ള വരുമാന വർദ്ധനവ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം.ഉമ്മർ എം.എൽ.എ | | ഡോ.ടി.എം.തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| (എ) | ഈ സർക്കാർ നികുതി വർദ്ധനവില്ലൂടെയല്ലാതെ ഏതെല്ലാം നിലയിൽ വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2018-19, 2019-20 വർഷങ്ങളിൽ സേവന നിരക്കുകളിൽ യഥാക്രമം 5% വർദ്ധനവ് വരുത്തിയിട്ടുണ്ട്. |
| (ബി) | വിവിധ വകുപ്പുകളിലൂടെ വർദ്ധിപ്പിച്ച ഓരോ ഇനവും വർദ്ധിപ്പിച്ച നിരക്കും അതുവഴി പ്രതിവർഷം ഓരോ ഇനത്തിലും പ്രതീക്ഷിക്കുന്ന വരുമാനവും സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ; | വിവിധ സർക്കാർ വകുപ്പുകൾ മുഖേന നല്കി വരുന്ന എല്ലാ സേവനങ്ങൾക്കും അതത് വർഷങ്ങളിൽ നിലവിലുണ്ടായിരുന്ന സേവന/വാടക നിരക്കുകളിൽ 5% വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. മുൻ വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുമായി താരതമ്യപ്പെടുത്തുമ്പോൾ സേവന നിരക്കുകളിൽ അഞ്ചു ശതമാനം വർദ്ധനവ് വരുത്തിയതുൾപ്പെടെ നടപ്പു സാമ്പത്തിക വർഷം നികുതിയേതര വരുമാനത്തിൽ 798.93 കോടി രൂപ അധികമായി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ഇത്തരത്തിലുള്ള വർദ്ധനവ് സാധാരണ ജനജീവിതത്തെ എത്ര കണ്ട് ബാധിച്ചിട്ടുണ്ടെന്ന് സർക്കാർ തലത്തിൽ അവലോകനം നടത്തിയിട്ടുണ്ടോ; കണ്ടെത്തൽ വിശദമാക്കുമോ? | നാമമാത്രമായ വർദ്ധനവാണ് സേവന നിരക്കുകളിൽ വരുത്തിയിട്ടുള്ളതെന്നതിനാൽ, വർദ്ധനവ് സാധാരണ ജനജീവിതത്തെ സാരമായി ബാധിക്കുമെന്ന് കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ